

# എന്തുകൊണ്ട് കുമരപ്പയുടെ ആ ചോദ്യത്തിന് ഉത്തരം കിട്ടിയില്ല?

**68-ാം** സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ സംസാരിക്കവെയാണ് കേന്ദ്ര ആസൂത്രണ കമ്മീഷൻ പുനഃസംഘടിപ്പിക്കുന്ന വിവരം പ്രധാനമന്ത്രി നരേന്ദ്രമോദി ആദ്യമായി പങ്കുവയ്ക്കുന്നത്. വൈകാതെ തന്നെ ഘടനയിലും സ്വഭാവത്തിലും കൂടുതൽ കേന്ദ്രീകൃതമായ നീതി ആയോഗ് (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രാൻസ്ഫോമിങ്ങ് ഇന്ത്യ) യാഥാർത്ഥ്യമായി. ഏകാധിപതിയായി മാറാൻ ശ്രമിക്കുന്ന ഭരണാധികാരിക്ക് അനുയോജ്യമായ ഭരണക്രമങ്ങൾ നിർമ്മിച്ചെടുത്തുകൊണ്ടിരിക്കുന്ന നരേന്ദ്ര മോദിയെ കൂടുതൽ സുശക്തനാക്കുന്ന ഘടനയിലേക്ക് ഇന്ത്യയുടെ ആസൂത്രണ പ്രക്രിയയും മാറുകയാണ്. കോർപ്പറേറ്റ് വിഭവചൂഷണത്തിന് ഉതകുംവിധം നിയമങ്ങളെ മാറ്റിയെഴുതിക്കൊണ്ടിരിക്കുന്ന സമഗ്രാധിപത്യത്തിന്റെ ഈ നല്ല നാളുകളിൽ ഉറപ്പായും നമുക്ക് ആശ്വാസമേകുന്ന ഒരു പേരുണ്ട് - ജോസഫ് കൊർണീലിയസ് കുമരപ്പ എന്ന ജെ.സി. കുമരപ്പ. ഇന്ത്യയുടെ ആദ്യ ആസൂത്രണ കമ്മീഷൻ ഉപദേശസമിതി അംഗം എന്ന നിലയിലല്ല, ആധുനിക മുതലാളിത്ത വികസനത്തിന്റെ ഹിംസാത്മകതയെ, ജനാധിപത്യ വിരുദ്ധതയെ, അധികാര കേന്ദ്രീകരണത്തെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിയുകയും പ്രതിരോധിക്കാൻ ശ്രമിക്കുകയും ചെയ്ത ഒരു സാമ്പത്തിക ശാസ്ത്രജ്ഞൻ എന്ന നിലയിൽ, ആസൂത്രകൻ എന്ന നിലയിൽ ജെ.സി. കുമരപ്പ സമകാലിക ആപൽസന്ധികൾക്ക് ഒരു ശമനമായി മാറുന്നുണ്ട്. ഗ്രാമങ്ങളെ കേന്ദ്രീകരിച്ചുള്ള ഗാന്ധിയുടെ രചനാത്മക പദ്ധതികൾക്ക്, സാമ്പത്തികശാസ്ത്ര വൈദഗ്ധ്യം കൊണ്ടും ആസൂത്രണപാടവം കൊണ്ടും പ്രത്യയശാസ്ത്ര പിന്തുണ നൽകിയ കുമരപ്പയും, ഭൗതികഭോഗസമൃദ്ധിയല്ല വികസനം എന്ന വിമർശനം ഉന്നയിച്ചുകൊണ്ട് അദ്ദേഹം അവതരിപ്പിച്ച നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥ എന്ന പുസ്തകവും ഇവിടെ വീണ്ടും വായിക്കപ്പെടുകയാണ്.

അറുപത്തിയഞ്ച് സംവത്സരത്തിനിടയിൽ പന്ത്രണ്ട് പഞ്ചവത്സര പദ്ധതികൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയ ആസൂത്രണ കമ്മീഷന്റെ പരാജയമാണോ ഇന്നും തുടരുന്ന ദാരിദ്ര്യത്തിന് കാരണം? നീതി ആയോഗ് എന്ന പുനഃസംഘടിത ആസൂത്രണ സംവിധാനത്തിന് ഈ പ്രതിസന്ധി മറിടക്കാൻ കഴിയുമോ? ഇല്ല, ആവോളം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന ഒരു ദേശരാഷ്ട്രത്തിന്റെ ഘടനാപരമായ പ്രതിസന്ധിതന്നെയാണ് ഇതെന്ന് കുമരപ്പയുടെ ചിന്തകൾ നമുക്ക് വ്യക്തമാക്കിത്തരുന്നു.

ആസൂത്രണ കമ്മീഷന്റെ ആദ്യ ഉപദേശക സമിതി യോഗത്തിൽ പങ്കെടുക്കാൻ കുതിരവണ്ടിയിൽ രാഷ്ട്രപതി മന്ദിരത്തിലെത്തിയ കുമരപ്പയുടെ മൃഗശകടം ആ മണിമാളികയുടെ പടിവാതിലിൽ വച്ച് തടയപ്പെടുന്നുണ്ട്. യന്ത്രവാഹനങ്ങൾ ദ്രുതഗമനം ചെയ്യുന്ന തലസ്ഥാനവീഥിയിൽ കാളവണ്ടിക്കും കുതിരവണ്ടിക്കും അപകടം നേരിടാൻ ഇടയുണ്ട് എന്നതിലാണ് അവ നിരോധിക്കുന്നത് എന്നതായിരുന്നു ഈ സംഭവത്തോടുള്ള നെഹ്റുവിന്റെ പ്രതികരണം. എങ്കിൽ നിരോധിക്കേണ്ടത് അപകടകാരികളെയല്ലേ എന്ന കുമരപ്പയുടെ ചോദ്യത്തിന് ചിരി മാത്രമായിരുന്നു നെഹ്റുവിന്റെ ഉത്തരം. തുടർന്നും കുമരപ്പയുടെ ആ ചോദ്യത്തിന് ഉത്തരം നൽകാൻ പ്രാപ്തിയില്ലാത്ത ഭരണാധികാരികൾ വികസനത്തിന്റെ മൂഢസ്വർഗ്ഗങ്ങളിൽ വിരാജിച്ചുകൊണ്ടേയിരുന്നു, സ്വന്തം ജനതയെ ഞെരിച്ചമർത്തിക്കൊണ്ട്. കുമരപ്പയിൽ നിന്നും ചില ചോദ്യങ്ങൾ വീണ്ടും നമുക്കവരോട് ചോദിക്കാം. ■